International Year of Cooperatives

## **കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവ്**

**(ഹാജർ: ഇൻബ ശേഖർ. കെ ഐ.എ.എസ്)**

RCS/4929/2026/EM(5) തിരുവനന്തപുരം, തീയതി: 21-08-2026

വിഷയം: സഹകരണ വകുപ്പ് - നെഹ്റു ട്രോഫി വള്ളം കളി - ആലപ്പുഴ ജില്ലയിലെ സഹകരണ സംഘങ്ങൾക്ക് അവധി നൽകുന്നതിനായുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:

1. ബഹു.ആലപ്പുഴ ജില്ലാ കളക്ടറുടെ 20.08.2026 ലെ DCALP/244/2023-N9 നമ്പർ നടപടിക്രമം.
2. ആലപ്പുഴ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ 21/08/2026 ലെ JRGALP/268/2026-E നമ്പർ കത്ത്.

നെഹ്റു ട്രോഫി വള്ളം കളി പ്രമാണിച്ച് **22/08/2026** ന് ആലപ്പുഴ ജില്ലയിലെ സർക്കാർ സ്ഥാപനങ്ങൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പരാമർശം (1) പ്രകാരം ബഹു. ജില്ലാ കളക്ടർ പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾക്കുകൂടി പ്രസ്തുത അവധി ബാധകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം ആലപ്പുഴ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത അവധി ആലപ്പുഴ ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾക്കു കൂടി ബാധകമാക്കി ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

### **ഉത്തരവ്**

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്നതും എൻ.ഐ ആക്ടിന്റെ പരിധിയിൽ പെടാത്തതുമായ ആലപ്പുഴ ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് നെഹ്റു ട്രോഫി വള്ളം കളി പ്രമാണിച്ച് **22/08/2026** ന് **പ്രാദേശിക അവധി** അനുവദിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)

INBASEKAR K

**സഹകരണ സംഘം രജിസ്ട്രാർ**



File No. RCS/4929/2026-EM(5) (Computer No. 700115)

Generated from eOffice by Remya V N, EM(5) RCS CO OP, EM(5) RCS COOP, DEPARTMENT OF CO-OPERATION on 22/08/2026 10:34 AM

<u>പകർപ്പ്</u>

1. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2. സഹകരണ ആഡിറ്റ് ഡയറക്ടർ
3. ആലപ്പുഴ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)
4. ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)
5. സ്റ്റോക്ക് ഫയൽ
6. വെബ് സൈറ്റ്

ആജ്ഞാനുസരണം

Digitally signed by
Sanilkumar S
Date: 21-08-2026
18:29:19

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.എം.)